

ക്യാമ്പസിലൂടെ നടന്നു നീങ്ങുന്ന വിനീതച്ചന്റെ ചിത്രം ഇന്നും എന്റെ മനസ്സിൽ പച്ചകെടാതെ ഇന്നലെയെന്ന വണ്ണം നിറഞ്ഞു നില്ക്കുന്നു. വ്യത്യസ്തമായ വേഷം... ആർഭാടങ്ങളില്ല, ആരവങ്ങളില്ല, ആ പദചലനങ്ങൾ പോലും ഒരു താപസവര്യന്റെ പാദമുദ്രകളായി അനുഭവപ്പെട്ടു. കൂടെ നടന്ന കൂടപ്പിറപ്പുകൾക്കും ശിഷ്യഗണത്തിനും എല്ലാ പ്രിയപ്പെട്ടവർക്കും ഓർമ്മിക്കുവാൻ ഇഷ്ടം തോന്നുന്ന ഒരു പിടി നല്ല ഓർമ്മകളും, കണ്ടുപഠിക്കുവാൻ ഒരു പാട് മാതൃകകളും ബാക്കിവച്ച് ആചാര്യനായ വിനീതച്ചൻ യാത്രയായി. ആത്മീയതയുടെ നിലവറയായ ആ വന്ദ്യഗുരുവിന്റെ നന്മനിറഞ്ഞ ജീവിതത്തിനുമുമ്പിൽ പ്രണാമമർപ്പിക്കാം.

## Fr. Joy Kolengaden CMI, Mannuthy, Thrissur

### വിമർശനാത്മകതയും വിശാലമനോഭാവവും



വിനീത് അച്ചന്റെ ഹൃദയത്തിൽ കത്തിജ്വലിച്ചുനിന്ന ഒരു വികാരമായിരുന്നു ഗ്രീക്ക് റോമാസംസ്ക്കാരത്തിലൂടെ ഇറങ്ങിവന്ന കത്തോലിക്കാസഭ, ഭാരതസംസ്കാരത്തിലൂടെയും കടന്നുവരണം. യുവത്വത്തിന്റെ കാലഘട്ടത്തിൽ കുറെയൊക്കെ വിമർശനാത്മകതയിലൂടെ നടന്നു നീങ്ങേണ്ടിവന്നിട്ടുണ്ട് വിനീതച്ചന് നമ്മുടെ പിതാക്കന്മാരുടെ ഭാരതീയ സംസ്കാരത്തോടുള്ള വിശാലമനോഭാവക്കുറവ് വിനീതച്ചനെ ശരിക്കും വേദനിപ്പിച്ചിട്ടുണ്ട് എന്നാണ് എന്റെ പക്ഷം. ആരാധന, സത്യം, സ്നേഹം, ലാളിത്യം ജീവിതത്തിൽ നിന്ന് വേർതിരിക്കാൻ സാധിക്കാത്തവിധം ഇടപഴകിയ ജീവിതരീതിയായിരുന്നു വിനീത് അച്ചന്റേത്. പ്രത്യേക സമയങ്ങൾ ഒന്നും പരിഗണിക്കാതെ ഏതു സമയത്തും പ്രാർത്ഥനക്കും ധ്യാനത്തിനും യേശുവുമായി ഒന്നു ചേരലിനും ചിലവഴിച്ചതിന്റെ പൊരുൾ അതാണ്. സത്യം അല്ലാത്തത് ആരുടെ ഭാഗത്തുനിന്നും കണ്ടാലും വലിയ വിലകൊടുത്തു എതിർത്തിരുന്നു. സ്നേഹം കത്തിജ്വലിച്ചുകൊണ്ടാണ് ഏത് പാവപ്പെട്ടവനും എതിരെയുള്ള അനീതിക്കെതിരെ പോരാടിയിരുന്നത്. ജീവിതം ലളിതമായിരുന്നു. ഞാൻ പലരോടും കൂടി വലിയ ഹോട്ടലുകളിൽ കയറി ഇറങ്ങാൻ അവസരം കിട്ടിയിട്ടുണ്ട്. എന്നാൽ വിനീതച്ചന്റെ കൂടെ അങ്ങനെയുള്ള അവസരങ്ങൾ തട്ടുകടകൾ ആയിരുന്നു. അത് ജീവിതാവസാനംവരെ നോക്കികാണാനും സാധിച്ചിട്ടുണ്ട്. ഭക്ഷണം കഴിക്കുമ്പോൾ പ്ലേറ്റിൽ ഒരു ചെറിയ വേസ്റ്റ്പോലും കാണാൻസാധിക്കുകയില്ല. അത്രയും വൃത്തിയും വെടിപ്പും ലാളിത്യവും ഉണ്ടായിരുന്നു. വിനീത് അച്ചന്റെ ജീവിതത്തിലേക്ക് ആഴ്ന്നിറങ്ങി പഠിക്കുവാൻ ഓരോരുത്തരുടെയും മെസ്സേജുകൾ സഹായിക്കട്ടെ എന്നാണ് എന്റെ പ്രാർത്ഥന. ആദരാഞ്ജലികൾ...